സ്വീകരിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കുന്നതാണെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ.എം. മാണി : സർ, ഞാൻ ശ്രദ്ധക്ഷണിക്കലിൽ പറഞ്ഞ ഒരു കാര്യത്തിനു മറുപടി പറഞ്ഞില്ല. എനിക്ക് ഒരു ചോദ്യമേയുള്ളു. സൂചിത വിലയ്ക്ക് റബ്ബർ വാങ്ങുമോ; അല്ലെങ്കിൽ വാങ്ങുന്ന റബ്ബർ കമ്പോള വില സൂചിത വിലയോടൊപ്പം ഉയരുന്നതു വരെ സൂക്ഷിച്ചു വയ്ക്കുമോ, ഗവണ്മെന്റ് അതിനു നടപടി സ്വീകരിക്കുമോ, കമ്പോള വില സൂചിതവിലയോടൊപ്പം ഉയരുന്നതുവരെ വാങ്ങുന്ന റബ്ബർ സംഭരിച്ചു വയ്ക്കുമോ, അതിനുള്ള നിർദ്ദേശം ഗവണ്മെന്റ് കൊടുക്കുമോ?

ശ്രീ. ഇ.കെ. നായനാർ : റബ്ബർ കർഷകരെ സഹായിക്കുന്ന എല്ലാ നടപടികളും സ്വീകരിക്കും.

(2) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ആന്റണി രാജു : സർ, തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് പുനഃസ്ഥാപിക്കണമെന്നുള്ള സ്വപ്നം ഈ സഹസ്രാബ്ദത്തിൽ തന്നെ യാഥാർത്ഥ്യമാകുമെന്ന പ്രതീക്ഷയിലാണ് ഈ വിഷയത്തിലേയ്ക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. പത്താം നിയമസഭയുടെ 12-ാം സമ്മേളനമാണിത്. ഈ നിയമസഭയിൽ ഞാൻ തന്നെ ഈ വിഷയം നാലു സബ്മിഷനുകളിലൂടെയും നാലു ശ്രദ്ധക്ഷണിക്കലുകളിലൂടെയും അവതരിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രയോജനമുണ്ടായിട്ടുണ്ട്. ആദ്യമൊക്കെ ഹൈക്കോടതി ബഞ്ചു ഉണ്ടാകുന്നതിനെ എതിർത്തിരുന്ന അപ്പുറത്തെ ആളുകൾ കൂടി ബെഞ്ച് വേണമെന്നുള്ള നിലയിലേക്ക് ഇപ്പോൾ വന്നിട്ടുണ്ട്. കേരള ഹൈക്കോടതിയുടെ ബഞ്ച് തിരുവനന്തപുരത്ത് ഉടനെ സ്ഥാപിക്കണമെന്നുള്ളത് തെക്കൻ കേരളത്തിന്റെ മാത്രം ആവശ്യമല്ല. കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും കേരളത്തിലെ എല്ലാ പാർട്ടികളുടെയും ആഗ്രഹവും ആവശ്യവുമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഈ ആഗ്രഹത്തിനും ആവശ്യത്തിനും പിന്നിൽ വലിയൊരു ചരിത്രമുണ്ട്. പഴയ തിരുവിതാംകൂറിന്റെ തലസ്ഥാനമായ തിരുവനന്തപുരത്ത് ഒരു നൂറ്റാണ്ടിനു മുമ്പ് തന്നെ ഹൈക്കോടതി പ്രവർത്തിച്ചിരുന്നു. നൂറ്റാണ്ടുകളായി ഇവിടത്തെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന ഒരു സൗകര്യം പുനഃസ്ഥാപിക്കണമെന്നുള്ളതു മാത്രമാണ് ഞങ്ങളുടെ ആവശ്യം. തിരു- കൊച്ചി സംയോജനങ്ങളെ തുടർന്ന് ഒരു പൊളിറ്റിക്കൽ അറേഞ്ചുമെന്റിന്റെ ഭാഗമായിട്ടാണ് 1949-ൽ ഹൈക്കോടതി എറണാകുളത്തേയ്ക്കു മാറ്റിയത്. അതിനെതിരെ ഉയർന്നുവന്ന പ്രക്ഷോഭങ്ങളുടെ കൊടുങ്കാറ്റ് കേരളത്തിന് ഒരിക്കലും മറക്കാനാകില്ല. പതിനായിരങ്ങൾ അറസ്റ്റു വരിച്ചു. ബന്ദുകളുടെയും സമരങ്ങളുടെയും ഒരു ഘോഷയാത്ര കേരളത്തിൽ നടന്നു. ഒടുവിൽ 1954-ൽ തിരുവനന്തപുരത്ത് വീണ്ടും ബഞ്ചു സ്ഥാപിതമാകുകയാണുണ്ടായത്. തുടർന്ന് കേരള സംസ്ഥാന രൂപീകരണത്തോടെ 1956-ൽ ഹൈക്കോടതി ബഞ്ച് പ്രവർത്തനം നിലച്ചു പോകുകയാണുണ്ടായത്. റീ-ഓർഗനൈസേഷൻ ആക്ടിൽ 51(2) പ്രകാരം ഒരു സംസ്ഥാനത്ത് ഒന്നിൽ കൂടുതൽ ഹൈക്കോടതി ബഞ്ചുകൾ സ്ഥാപിക്കാമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്.

The President may after consultation with the Governor of the state and the Chief Justice of the High Court by notified order provide for the establishment

LIBRARY ARCHIVES Kerala Legislative Assembly

of a permanent bench or beches of that High Court at one or more places within the State other than the principal seat of the High Court and for any matters connected herewith.

അപ്പോൾ ഒരു സംസ്ഥാനത്ത് ഒന്നിൽ കൂടുതൽ ഹൈക്കോടതി ബഞ്ച് ഉണ്ടാകുന്നതിന് യാതൊരു തടസ്സവുമില്ല. തീരുമാനം കൈക്കൊള്ളേണ്ടത് കേന്ദ്ര ഗവണ്മെന്റാണെന്നു നമുക്കറിയാം. സംസ്ഥാന ഗവണ്മെന്റ് ഈ കാര്യത്തിൽ നടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. ഇതിനു മുമ്പ് കേന്ദ്രവും കേരളവും ഒന്നിച്ചു ഭരിച്ച പാർട്ടികൾക്ക് ഈ ആവശ്യം നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്നുള്ളതാണ് വസ്തുത. അതുകൊണ്ട് സംസ്ഥാന ഗവണ്മെന്റ് ഈ കാര്യത്തിൽ അനുകൂലമായ നടപടികൾ കൈക്കൊള്ളണമെന്നാണ് എന്റെ അഭ്യർത്ഥന. ഇപ്പോൾ പല ഭാഗത്തു നിന്നും ഉന്നയിക്കുന്ന തടസ്സം, ഒരു സംസ്ഥാനത്ത് ഒരു ഹൈക്കോടതി ബഞ്ചുണ്ടെങ്കിൽ മറ്റു പ്രദേശങ്ങളിൽ വീണ്ടും ബഞ്ചു സ്ഥാപിച്ചാൽ കൂടുതലായി ആവശ്യം ഉയർന്നു വരും എന്നുള്ളതാണ്. സ്റ്റേറ്റിന്റെ ഒരു ഭാഗത്ത് ഹൈക്കോടതിയുടെ ഒരു ബഞ്ചുണ്ടെങ്കിൽ മറ്റു ഭാഗങ്ങളിൽ അതു പിന്നെയും സ്ഥാപിക്കേണ്ടി വരുമെന്നുള്ളതാണ് തടസ്സമായി പലപ്പോഴും ഉന്നയിക്കുന്നുണ്ട്. അങ്ങനെയാണെങ്കിൽ ഗ്വാളിയറിൽ ഹൈക്കോടതി ബഞ്ചുണ്ടാകാൻ പാടില്ലായിരുന്നു. ഇൻഡോറിൽ ഹൈക്കോടതി ബഞ്ചുണ്ടാകാൻ പാടില്ലായിരുന്നു. നാഗ്പൂരിൽ ഉണ്ടാകാൻ പാടില്ലായിരുന്നു. രാജ്കോട്ടിലുണ്ടാകാൻ പാടില്ലായിരുന്നു. ഗ്വാളിയറിലും, ഇൻഡോറിലും, നാഗ്പൂരിലും, രാജ്കോട്ടിലുമൊക്കെ ഒരു സംസ്ഥാനത്ത് ഒന്നിൽക്കൂടുതൽ ഹൈക്കോടതി ബഞ്ചുകളുണ്ടായ പ്രദേശങ്ങളാണ്. അവിടെയൊക്കെ ഏതടിസ്ഥാനത്തിലാണോ, എന്തുകാരണങ്ങൾ കൊണ്ടോണോ കൂടുതൽ ഹൈക്കോടതി ബഞ്ചുകൾ ഉണ്ടായത്, അതേ കാരണങ്ങൾ കൊണ്ടു തന്നെ തിരുവനന്തപുരത്തും.....(ബഹളം).....ഒരു സ്റ്റേറ്റിൽ ഒന്നിൽക്കൂടുതൽ സ്ഥലത്ത്.....(ബഹളം) .....കോൺഗ്രസ് പാർട്ടി എതിരാണോ? കോൺഗ്രസ് പാർട്ടി എതിരാണെങ്കിൽ പരസ്യമായിട്ട് പറയണം. അതു പുറത്ത് ജനങ്ങളറിയട്ടെ. ജനങ്ങൾ കൂടി അതറിയണം. പുറത്ത് ഒരു നിലപാടും അകത്ത് ഒരു നിലപാടും സ്വീകരിക്കുന്നതു ശരിയല്ല. ഹൈക്കോടതി സ്ഥാപിക്കുന്നതിനായി ജസ്വന്ത് സിംഗ് കമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്ന വ്യവസ്ഥകൾ, മാനദണ്ഡങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. അതു സത്യമാണോ എന്നുള്ളതാണ് പരിശോധിക്കേണ്ടത്. യാത്രാ സൗകര്യത്തിന്റെ കാര്യത്തിൽ വിനോദ യാത്രാസൗകര്യത്തന്റെ കാര്യത്തിൽ, ട്രെയിനുകളുടെ കാര്യത്തിൽ, റോഡു സൗകര്യങ്ങൾ, അതുപോലെ ലാ കോളേജുകളുടെ എണ്ണം പരിശോധിക്കുമ്പോൾ, (തിരുവനന്തപുരത്ത് രണ്ടു ലാ കോളേജുകളുണ്ട്. എറണാകുളത്ത് ഒന്നാണുള്ളത്) ഏറ്റവും കൂടുതൽ അഭിഭാഷകർ പ്രാക്ടീസ് ചെയ്യുന്ന സ്ഥലമാണ് തിരുവനന്തപുരം. കാലാവസ്ഥയിലും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കാര്യത്തിലുമെല്ലാം തന്നെ തിരുവനന്തപുരം മുന്നിലാണ്. സംസ്ഥാന ജനാവിന് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാക്കുകയാണ്. പ്രതിവർഷം 300 കോടിയോളം രൂപയുടെ നഷ്ടമാണ് സംസ്ഥാനത്തിനുണ്ടായിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ തന്നെ പരസ്യമായി പറയുകയുണ്ടായി. ആവശ്യമായ സൗകര്യം ഈ കെട്ടിടത്തിൽപ്പോലും ഉണ്ടാക്കിക്കൊടുക്കാൻ തയ്യാറാണെന്ന്. 1958-ൽ ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരിക്കുമ്പോൾ നിയമസഭയിൽ ഒരു പ്രമേയം അവതരിപ്പിക്കുകയും അതു ഐകൃകണ്ഠേന പാസ്സാക്കുകയും ചെയ്തിരുന്നു. കോൺഗ്രസ്സ് പാർട്ടി അന്ന് സപ്പോർട്ട് ചെയ്തതാണ്. ഇന്നു അതിനെ എതിർക്കുന്നത് എന്തിനാണെന്നു ഞങ്ങൾക്കറിയില്ല. 1971-ൽ അച്ചുതമേനോൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ കുഞ്ഞുകൃഷ്ണൻ നാടാർ അവതരിപ്പിച്ച പ്രമേയവും ഗവണ്മെന്റ് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പിൻവലിക്കുകയാണുണ്ടായത്. പത്താം നിയമസഭയിൽ ഞാനുൾപ്പെടെയുള്ള ചില അംഗങ്ങൾ ഈ ആവശ്യം ഉന്നയിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് സമരവുമായി രംഗത്തു വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്നു നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഞങ്ങളും ആ സമരം നിർത്തി വയ്ക്കുകയാണുണ്ടായത്. തിരുവനന്തപുരത്തുകാർ നൂറ്റാണ്ടുകളായി അനുഭവിച്ചു കൊണ്ടിരുന്ന സൗകര്യം തിരിച്ചു നൽകണമെന്നാണ് പറയാനുള്ളത്. പ്രതിവർഷം കേരളത്തിലെ ഖജനാവിനു നഷ്ടപ്പെടുന്ന 300 കോടിയോളം രൂപ ഈ സംസ്ഥാനത്തിന് ലാഭിക്കുകയും സാധാരണക്കാരന് കുറഞ്ഞ ചെലവിൽ നീതി ലഭിക്കുകയും ചെയ്യും. അതിനുവേണ്ടി തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ചു പുനഃസ്ഥാപിക്കണം. 1958-ൽ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ് അവതരിപ്പിച്ച പ്രമേയത്തിന്റെ ഏറ്റവും ഒടുവിലത്തെ വരി വായിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. "ഇന്ന് തിരുവനന്തപുരത്തുകാർക്കുണ്ടായിട്ടുള്ള അസൗകര്യവും അവരുടെ വികാരവുമെല്ലാം പരിഗണിച്ച് ഒരു സ്ഥിരം ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുക എന്നുള്ളതാണ് ഈ പ്രമേയത്തിന്റെ ഉദ്ദേശം. അതുകൊണ്ട് സഭയുടെ അംഗീകാരത്തിനായി ഞാൻ ഇവിടെ ഈ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു" എന്നാണ്. അന്നത്തെ മുഖ്യമന്ത്രി ഇ.എം.എസ്. അവതരിപ്പിച്ച പ്രമേയം സഭ ഐക കണ്ഠ്യേന പാസ്സാക്കിയതാണെങ്കിൽ അതു നടപ്പിലാക്കാൻ കഴിഞ്ഞ പത്തു നാൽപ്പതു കൊല്ലം കൊണ്ട് നടന്നില്ല. ഇനിയെങ്കിലും അതു യാഥാർത്ഥ്യമാക്കണം. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും അനുകൂലമായ തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഇവിടെ ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനെപ്പറ്റി പല അഭിപ്രായങ്ങളുണ്ട്. ശ്രീ. രാജഗോപാൽ പറഞ്ഞത് കോഴിക്കോട് ഹൈക്കോടതി ബഞ്ച് വേണമെന്നാണ്. ഇവിടെയും ഹൈക്കോടതി ബഞ്ച് വേണമെന്നു പറഞ്ഞു. ഭോപ്പാലിലും വേണം ഹൈക്കോടതി ബഞ്ച്. പഞ്ചാബിലും വേണം. ഇൻഡ്യാഗവൺമെന്റിന്റെ കയ്യിലാണിരിക്കുന്നത്. ഹൈക്കോടതിയെപ്പറ്റി ഒരഭിപ്രായം മാത്രമല്ല. വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ഗവൺമെന്റിന്റെ നിലപാടെന്താണെന്ന് ഞാൻ പറയാം. എല്ലാവർക്കും ഒരഭിപ്രായമാണെന്നു വിചാരിക്കരുത്. ഓരോരുത്തർക്കും മുറുകെ പിടിക്കാം; ഞങ്ങളുടെയാണെന്നു പറയാം. കോഴിക്കോടുകാര് പറയുന്നു ഞങ്ങൾക്കും വേണം ഹൈക്കോടതി എന്ന്. ശ്രീ. രാജഗോപാൽ അത് ആലോചിക്കാമെന്നു പറഞ്ഞു. കണ്ണൂരുകാര് പറഞ്ഞില്ല. അവരും പറയും. അപ്പോൾ ഹൈക്കോടതി വിവാദം അങ്ങനെ കിടക്കുകയാണ്. തിരുവനന്തപുരത്തുള്ളവരുടെ മാത്രം വോട്ടു കിട്ടാൻ വേണ്ടി പറയുകയാണെങ്കിൽ പറഞ്ഞോ. അത് കുഴപ്പമില്ല. ഒരു സ്ഥലത്തേയ്ക്കു മാത്രമല്ല, ഭോപ്പാലിലും വേണം. ഭോപ്പാലിൽ ഹൈക്കോടതിയില്ല. ഇൻഡ്യൻ യൂണിയൻ പ്രസിഡന്റ് ശ്രീ. ശങ്കർ ദയാൽ ശർമ്മ ഭോപ്പാലുകാരനായിരുന്നു. അദ്ദേഹം പോകുന്നതുവരെ അവിടെ ഹൈക്കോടതി കൊടുത്തിട്ടില്ല. ഒരു കാലഘട്ടത്തിൽ അദ്ദേഹമായിരുന്നു നമ്മുടെ പ്രസിഡന്റ്, അദ്ദേഹത്തിന്റെ രാജ്യത്ത് ഹൈക്കോടതിയില്ല. ശ്രീ. രാജഗോപാൽ കോഴിക്കോടുനിന്നും മെമ്മോറാണ്ടം കൊടുത്തപ്പോൾ അത് ഇവിടേയും വേണം. ഇനിയിത് കണ്ണൂരിൽ എത്തിയിട്ടില്ല. എത്തിയാൽ അവിടെ നിന്നും മെമ്മോറാണ്ടം കിട്ടും. അപ്പോൾ നമ്മൾ അതിനെപ്പറ്റി സമൂർത്തമായി ചിന്തിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഹൈക്കോടതികളുടെ ആസ്ഥാനത്തിനുപുറമെ മറ്റു സ്ഥലങ്ങളിൽ ബഞ്ച് സ്ഥാപിക്കുന്നതു സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള പൊതുവായ കാര്യങ്ങൾ, ആയതിനു പാലിക്കേണ്ട തത്വങ്ങൾ, മാനദണ്ഡങ്ങൽ ഇവ പഠിച്ച് ശുപാർശ ചെയ്യുന്നതിനായി രൂപീകരിച്ച ജസ്വന്ത് സിങ്ങ് കമ്മീഷൻ 30.4.1995-ൽ കേന്ദ്രസർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഹൈക്കോടതികളുടെ ആസ്ഥാനത്തിനുപുറമെ മറ്റു സ്ഥലങ്ങളിൽ ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന്റെ അഭിലക്ഷണീയതും ഇത്തരം ശുപാർശകൾ തയ്യാറാക്കുന്നതിൽ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളും കമ്മീഷൻ ആ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്ന് അഭ്യർത്ഥിച്ച് 1958-ൽ നിയമസഭ പാസ്സാക്കി കേന്ദ്രസർക്കരിന് അയച്ചിട്ടുണ്ട്. 1971-ലും 1996-ലും ഇതേ ആവശ്യം ഉന്നയിച്ച് കേന്ദ്രത്തിന് കത്തയച്ചിട്ടുണ്ട്. ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതു സംബന്ധിച്ച് ഒരു കത്ത് കേന്ദ്ര നിയമമന്ത്രിയിൽ നിന്നും ഇപ്പോൾ സർക്കാരിനു ലഭിച്ചു. കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ തിരുവന്തപുരത്ത് ബഞ്ച് സ്ഥാപിക്കുന്നതു സംബന്ധിച്ച് ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് ഗവൺമെന്റ് കത്തയച്ചിട്ടുണ്ട്. ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ അഭിപ്രായം ലഭിച്ചാലുടൻ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണെന്ന് കേന്ദ്ര നിയമമന്ത്രിക്ക് ഇടക്കാല മറുപടിയും നൽകിയിട്ടുണ്ട്. തിരുവനന്തപുരത്ത് ബഞ്ച് സ്ഥാപിക്കേണ്ടതാണെന്ന് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ഇതിനകം വ്യക്തമാക്കി. ഹൈക്കോടതിയും കേന്ദ്രഗവൺമെന്റുമാണ് ഇക്കാര്യത്തിൽ അന്തിമതീരുമാനം എടുക്കേണ്ടത്. നമുക്കതിൽ യാതൊരു കൈയുമില്ല.

ശ്രീ. ആന്റണി രാജു : സർ, ജസ്വന്ത് സിംഗ് കമ്മീഷൻ റിപ്പോർട്ടിലെ മാനദണ്ഡങ്ങൾ അനുസരിച്ച് തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കാൻ അനുയോജ്യമാണെന്ന് ഗവൺമെന്റിന് ബോധ്യപ്പെട്ടതുകൊണ്ടു തന്നെയാണല്ലോ സംസ്ഥാന ചീഫ് ജസ്റ്റിസിനോട് അഭിപ്രായം ആരാഞ്ഞത്?

ശ്രീ. ഇ.കെ. നായനാർ : അതെ, അവരുടെ അഭിപ്രായം അറിയണം. അവരുടെ അഭിപ്രായം അറിയാതെ നമുക്കെന്താണ് ചെയ്യാൻ കഴിയുക?

III. സബ്മിഷൻ

{അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ}

(1) മേൽത്തട്ട് വ്യവസ്ഥകൾ സംബന്ധിച്ചുള്ള സുപ്രീംകോടതി വിധി

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : സർ, പിന്നോക്ക ജനവിഭാഗങ്ങളുടെ സംവരണം സംബന്ധിച്ച് ഏറ്റവും ലേറ്റസ്റ്റായി ഇവിടെ ഉണ്ടായിട്ടുള്ള സുപ്രീം കോടതിയുടെ വിധി പിന്നോക്ക ജനവിഭാഗങ്ങളെ വളരെയധികം അങ്കലാപ്പിലാക്കുന്ന ഒരു വിഷയമായി വന്നിരിക്കുകയാണ്. ഈ സുപ്രീംകോടതി വിധികൊണ്ട് ഇതുവരെ കേരളത്തിലുണ്ടായിരുന്ന സംവരണവ്യവസ്ഥ അപ്പാടെ തകിടം മറിഞ്ഞുപോകുന്ന ഒരു സ്ഥിതിയുണ്ട്. ഈ വിധിയനുസരിച്ച് സത്യത്തിൽ കേരളത്തിലെ ഒരു രാഷ്ട്രീയ പാർട്ടിയും എടുത്തിരിക്കുന്ന നിലപാടനുസരിച്ച് സംവരണം ഇനി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയില്ല. നിലവിലുള്ള സംവരണം അതേപടി പോകണമെന്ന അഭിപ്രായമുള്ളവർ അപ്പുറത്തുമുണ്ട്, അതേസമയം തന്നെ സാമ്പത്തിക പരിഗണന വേണമെന്നുപറയുന്നവർ ഒരുപക്ഷേ ഇപ്പുറത്തുമുണ്ടാകാം. പക്ഷേ ഇവിടെ വന്നിരിക്കുന്ന വിഷയം ഇപ്പോൾ വന്നിരിക്കുന്ന സുപ്രീംകോടതി വിധിയനുസരിച്ച് നിലവിലുള്ള സംവരണം, അത് സാമ്പത്തിക പരിഗണന ഏർപ്പെടുത്തുകയാണെങ്കിൽപ്പോലും അതേ കമ്മ്യൂണിറ്റിക്കുതന്നെ, അതേ പിന്നോക്കക്കാർക്കുതന്നെ ലഭിക്കണമെന്നുള്ള സി.പി.എം. ഉൾപ്പെടെയുള്ള ചില രാഷ്ട്രീയ പാർട്ടികളുടെ നയംപോലും നടപ്പിലാക്കാൻ സാധിക്കുകയില്ല. ചുരുക്കത്തിൽ ഇതുവരെ തുടർന്നുവന്ന പിന്നോക്കസംവരണമെന്നുള്ള വ്യവസ്ഥിതി ഇക്കഴിഞ്ഞ ദിവസം മുതൽ അവസാനിച്ചിരിക്കുകയാണ്, എന്നുമാത്രമല്ല ഇപ്പോൾ അപ്പോയിന്റുമെന്റ് നടന്നവർക്കുപോലും പിരിച്ചുവിടൽ ഭീഷണി വന്നിരിക്കുകയാണ്. ഇനി അങ്ങോട്ടുള്ള വ്യവസ്ഥ എന്തെന്നുള്ള പ്രശ്നം വളരെ ഗൗരവകരമായി വന്നിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ വിഷയത്തിൽ രാഷ്ട്രീയ പാർട്ടികളുടെ പല അഭിപ്രായങ്ങളുമുണ്ട്. അതൊന്നുമല്ല ഇവിടെ പ്രശ്നം,

LIBRARY ARCHIVES Kerala Legislative Assembly